പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 283 — 11.12.2018-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സിയുടെ ട്രാവൽ കാർഡുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.കെ. ശശി<br>" എ.എം. ആരിഫ്<br>" ജോൺ ഫെർണാണ്ടസ്<br>" എൻ. വിജയൻ പിള്ള | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | യാത്രക്കാരെ കെ.എസ്.ആർ.ടി.സി. ബസുകളിലേക്ക് കൂടുതലായി ആകർഷിക്കുന്നതിനും യാത്രക്കാർക്ക് സുഖകരമായ യാത്ര പ്രദാനം ചെയ്യുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) | യാത്രക്കാരെ കെ.എസ്.ആർ.ടി.സി ബസ്സുകളിലേയ്ക്ക് കൂടുതലായി ആകർഷിക്കുന്നതിലേയ്ക്കായി നിരവധി നടപടികൾ ഇതിനോടകം സ്വീകരിച്ചിട്ടുണ്ട്. ദീർഘദൂര യാത്രക്കാർക്ക് ഉപകാരപ്പെടുന്ന രീതിയിൽ തിരുവനന്തപുരം-എറണാകുളം, എറണാകുളം-കോഴിക്കോട്, കോഴിക്കോട്-കാസർഗോഡ് എന്നീ വളരെ പ്രധാനമായ കേരളത്തിലെ റൂട്ടുകളിൽ 'ചിൽ സർവ്വീസ്' എന്ന പേരിൽ ലോ ഫ്ളോർ എ.സി ബസ്സുകൾ ഓരോ മണിക്കൂർ ഇടവേളകളിൽ സർവ്വീസ് നടത്തുന്നത് വഴി പ്രസ്തുത റൂട്ടുകളിലെ യാത്രാക്ലേശം വളരെയധികം കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഇതോടൊപ്പം തന്നെ തിരുവനന്തപുരം, നെടുമ്പാശ്ശേരി, കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളങ്ങളിൽ നിന്നും എ.സി ബസ്സുകൾ നഗരത്തിലേക്കും, തിരിച്ചും ഫ്ലൈ ബസ് എന്ന പേരിൽ സർവ്വീസ് കാര്യക്ഷമമായി നടത്തി വരുന്നുണ്ട്. ആയത് ആഭ്യന്തര, അന്താരാഷ്ട്ര വിമാന യാത്രക്കാർക്ക് വളരെയധികം പ്രയോജനപ്പെടുന്നുണ്ട്. കൂടാതെ സ്റ്റോപ്പുകൾ പരിമിതപ്പെടുത്തി രാത്രികാലത്ത് ഓപ്പറേറ്റ് ചെയ്യുന്ന രീതിയിൽ 'മിന്നൽ' സർവ്വീസുകളും ആരംഭിച്ചിട്ടുണ്ട്. മിതമായ നിരക്കുകളും, പുഷ്ബാക്ക് സീറ്റുകളും, സമയനിഷ്ഠ പാലിക്കുകയും ചെയ്യുന്ന ടി സർവ്വീസുകൾ വളരെയധികം സ്വീകാര്യത ജനങ്ങൾക്കിടയിൽ നേടി കഴിഞ്ഞു. ഷെഡ്യൂൾ പുനഃക്രമീകരണം, |

| | | | |
|---|---|---|---|
| | | | ജീവനക്കാരുടെ ഡ്യൂട്ടി പാറ്റേൺ പരിഷ്ക്കരണം എന്നിവ വഴി സർവ്വീസുകൾ കൂടുതൽ കാര്യക്ഷമമാക്കാനും യാത്രാക്ലേശം കുറയ്ക്കു വാനും കഴിഞ്ഞിട്ടുണ്ട്. പരിസ്ഥിതി സൗഹാർദ്ദ മാർന്ന താരതമ്യേന ചെലവ് കുറഞ്ഞ യാത്രാ സൗകര്യം ഏറെയുള്ള 10 ഇലക്ട്രിക് ബസ്സുകൾ വെറ്റ് ലീസ് വ്യവസ്ഥയിൽ എടുക്കുവാൻ തിരുമാനിക്കുകയും അതിൽ 5 ഇലക്ട്രിക് ബസ്സു കൾ ശബരിമലയിൽ സർവ്വീസ് നടത്തുകയും ചെയ്യുന്നുണ്ട്. ശബരിമല യാത്രക്കാരുടെ സൗകര്യാർത്ഥം ഓൺലൈൻ റിസർവേഷൻ സംവിധാനം പരിഷ്ക്കരിച്ച് കൂടുതൽ ബസ്സുകളി ലേയ്ക്ക് ഏർപ്പെടുത്തിയിട്ടുണ്ട്. റിസർവേഷൻ കൗണ്ടറുകളിൽ എല്ലാം POS മെഷീനുകൾ സ്ഥാപിച്ച് digital payment-ഉം ജനസൗകര്യാർത്ഥം ഏർപ്പെടുത്തിയിട്ടുണ്ട്. ശബരിമലയിൽ ടിക്കറ്റ് വെൻഡിംഗ് കിയോസ്കുകൾ സ്ഥാപിച്ച് ടിക്കറ്റ് എടുക്കുവാൻ ക്യൂ നിൽക്കുന്നത് ഒഴിവാക്കുവാൻ കഴിഞ്ഞി ട്ടുണ്ട്. ത്രിവേണിയിൽ 5-ഉം, നിലയ്ക്കലിൽ 10-ഉം മെഷീനുകൾ സ്ഥാപിച്ചിട്ടുണ്ട്. ഡെബിറ്റ് കാർഡ്, ക്രെഡിറ്റ് കാർഡ് എന്നിവ ഉപയോ ഗിക്കാവുന്ന ആധുനിക ഇ.ടി.എം-ഉകൾ പരീക്ഷണാടിസ്ഥാനത്തിൽ നിലയ്ക്കൽ - പമ്പ ചെയിൻ സർവ്വീസിന് നൽകിയിട്ടുണ്ട്. ഇത് കൂടാതെ നിലയ്ക്കലിൽ പത്തും, പമ്പയിൽ അഞ്ചും സെൽഫ് ടിക്കറ്റിംഗ് കിയോസ്കുകൾ അയ്യപ്പഭക്തരുടെ സൗകര്യപ്രകാരം ഏർ പ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത സംവിധാനങ്ങളോട് കൂടിയ പുതിയ ഇലക്ട്രോണിക് ടിക്കറ്റിംഗ് മെഷീനുകൾ വാങ്ങുന്നതിന് ടെണ്ടർ നടപടികൾ പൂർത്തീകരിച്ചുവരുന്നു. |
| (ബി) | യാത്രക്കാരുടെ സൗകര്യത്തി നായി നടപ്പിലാക്കിയ പ്രീമിയം, ഗോൾഡ് ,സിൽവർ, ബ്രോൺസ് ട്രാവൽ കാർഡുകൾ നിലവിൽ പിൻവലിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം അറിയിക്കു മോ; | (ബി) | യാത്രക്കാരുടെ സൗകര്യത്തിനായി പ്രീമിയം, ഗോൾഡ്, സിൽവർ, ബ്രോൺസ് എന്നീ വിഭാഗങ്ങളിലായി പരീക്ഷണാടിസ്ഥാന ത്തിൽ ട്രാവൽ കാർഡ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ടായിരുന്നു. എന്നാൽ പരീ ക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ച ടി കാർഡു കൾ നിലവിലെ സാഹചര്യങ്ങളിൽ കോർപ്പ റേഷന് വളരെയധികം സാമ്പത്തിക നഷ്ടം ഉണ്ടാക്കുന്നതിനാൽ പിൻവലിക്കേണ്ടതായി വന്നിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ദീർഘദൂര യാത്രക്കാർക്ക് വളരെയധികം സൗകര്യപ്രദമായിരുന്ന പ്രസ്തുത ട്രാവൽ കാർഡുകൾ ആനുകാലികമായ തുക ഈടാക്കി പുനഃസ്ഥാപിക്കാൻ സാധിക്കുമോയെന്ന് പരിശോധിക്കുമോ? | (സി) | പരീക്ഷണാടിസ്ഥാനത്തിലാണ് ട്രാവൽ കാർഡ് സംവിധാനം നടപ്പിലാക്കിയത്. ആയത് കോർപ്പറേഷന് സാമ്പത്തിക നഷ്ടമായതിനാലാണ് കാർഡുകൾ പിൻവലിച്ചത്. പുതിയ ഇ.ടി.എം.-കൾ വാങ്ങുമ്പോൾ ആർ.എഫ്.ഐ.ഡി / പ്രീപെയ്ഡ് ക്ലോസ്ഡ് ലൂപ്പ് ട്രാവൽ കാർഡുകൾ യാത്രക്കാർക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ